പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3353 — 09/04/2013 ൽ മറുപടിയ്ക്ക്

## സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. അടൂർ പ്രകാശ്. (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകുന്ന റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം പാലക്കാട് ജില്ലയിൽ നടപ്പാക്കിയിട്ടുണ്ടോ; | ഉണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഇപ്രകാരം നൽകുന്നത്.; അപേക്ഷ നൽകി എത്ര ദിവസത്തിനകം സർട്ടിഫിക്കറ്റുകൾ നൽകും; സർട്ടിഫിക്കറ്റുകൾക്ക് ഫീസ് ഈടാക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ ഇ - ഡിസ്ട്രിക്ട് പദ്ധതി വഴി സംസ്ഥാനമൊട്ടാകെ ഓൺലൈൻ വഴി നൽകിവരുന്നു. സർട്ടിഫിക്കറ്റുകളുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>ഓരോ ഇനം സർട്ടിഫിക്കറ്റും നൽകുന്നത് സർക്കാർ നിശ്ചയിച്ചിട്ടുള്ള കാലപരിധിക്കുള്ളിലാണ്.<br>സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്ന വ്യക്തി സ്വഗൃഹത്തിനടുത്തുള്ള അക്ഷയ കേന്ദ്രത്തിൽ അപേക്ഷ സമർപ്പിക്കുകയും 20 രൂപ സർവീസ് ചാർജ്ജ് അടയ്ക്കുകയും ചെയ്താൽ പ്രസ്തുത അക്ഷയ കേന്ദ്രത്തിൽ നിന്നുതന്നെ അപേക്ഷകന് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. ആദ്യ തവണ നൽകുന്ന സർവീസ് ചാർജ്ജിനു പുറമേ താഴെപ്പറയുന്ന ചാർജ്ജുകൾ ആവശ്യമെങ്കിൽ നൽകേണ്ടതുണ്ട്.<br><br>സ്കാനിംഗ് ചാർജ്ജ് - ഒരു പേജിന് 2 രൂപ.<br>സർട്ടിഫിക്കറ്റ് പ്രിന്റിംഗ് ചാർജ്ജ് - ഒരു പേജിന് 2രൂപ.<br>നിലവിലെ സ്ഥിതിവിവര അന്വേഷണം - 2 രൂപ.<br><br>അപേക്ഷകൾ തെറ്റ് തിരുത്തി സമർപ്പിക്കുന്നതിലേക്കായി ചാർജ്ജുകൾ ഒന്നും തന്നെ ഈടാക്കുന്നില്ല. |

| | | | |
|---|---|---|---|
| (സി) | കളക്ട്രേറ്റ്, ജില്ലയിലെ എല്ലാ താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസുകളിലും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ഓഫീസുകളിലാണ് ഇനി നടപ്പാക്കാനുള്ളത്; വ്യക്തമാക്കാമോ? | (സി) | ഇ-ഡിസ്ട്രിക്റ്റ് പദ്ധതി പാലക്കാട് ജില്ലയിലെ എല്ലാ താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഇപ്പോൾ നടപ്പിലാക്കിവരുന്ന ആദ്യഘട്ടത്തിൽ താലൂക്ക്, വില്ലേജ് ഓഫീസുകളാണ് ഉൾപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### റവന്യൂ വകുപ്പിൽ നിന്നും ഓൺലൈൻ വഴി ലഭ്യമാകുന്ന സർട്ടിഫിക്കറ്റുകൾ

| നമ്പർ | സർട്ടിഫിക്കറ്റ് |
|---|---|
| 1 | ജാതി സർട്ടിഫിക്കറ്റ് |
| 2 | താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് |
| 3 | തിരിച്ചറിയൽ സർട്ടിഫിക്കറ്റ് |
| 4 | റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് |
| 5 | നേറ്റിവിറ്റി സർട്ടിഫിക്കറ്റ് |
| 6 | പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് |
| 7 | സോൾവൻസി സർട്ടിഫിക്കറ്റ് |
| 8 | ലൊക്കേഷൻ സർട്ടിഫിക്കറ്റ് |
| 9 | ഡൊമിസിൽ സർട്ടിഫിക്കറ്റ് |
| 10 | വരുമാന സർട്ടിഫിക്കറ്റ് |
| 11 | കൈവശാവകാശ സർട്ടിഫിക്കറ്റ് |
| 12 | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് |
| 13 | കൈവശാവകാശവും നോൺ അറ്റാച്ച്മെന്റും സർട്ടിഫിക്കറ്റ് |
| 14 | മിശ്രവിവാഹ സർട്ടിഫിക്കററ് |
| 15 | ലൈഫ് സർട്ടിഫിക്കറ്റ് |
| 16 | വാല്യുവേഷൻ സർട്ടിഫിക്കറ്റ് |
| 17 | വിധവ/ വിഭാര്യൻ സർട്ടിഫിക്കറ്റ് |
| 18 | ഒരേ വ്യക്തിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് |
| 19 | മത/ ജാതി പരിവർത്തന സർട്ടിഫിക്കറ്റ് |
| 20 | അഗതി സർട്ടിഫിക്കറ്റ് |
| 21 | കുടുംബാംഗത്വ സർട്ടിഫിക്കറ്റ് |
| 22 | ആശ്രിതനെന്ന സർട്ടിഫിക്കറ്റ് |
| 23 | പുനർവിവാഹം നടത്തിയിട്ടില്ലെന്ന സർട്ടിഫിക്കറ്റ് |